ശ്രീ. കെ. പി. ഗോപാലൻ : അതു തീരെ അടിസ്ഥാനരഹിതമായ കാര്യമാണു്.

ശ്രീ. പി. ടി. ചാക്കോ : ബർളായ്ക്കു ഒഴിഞ്ഞു മാറാൻ പഴുതുള്ളതും തൊഴിലാളികളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്നതുമായ ഈ കരാർ എഴുതിയുണ്ടാക്കിയതു ആരാണെന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇതൊക്കെ വളരെ വിശദമായി ഇവിടെ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കരാർ ഉണ്ടാക്കിയിട്ടുള്ള ഫാക്ടറി ആരംഭിക്കുവാൻ വല്ല നടപടിയും ബർളാ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : മെഷീനറി വാങ്ങുന്നതിനു് വേണ്ട നടപടികളും എടുത്തുവരുന്നു എന്നു് ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : കരാർ ഉണ്ടാക്കിയതിൽ നിന്നും പിൻമാറിയാൽ അദ്ദേഹത്തിൻെറ പേരിൽ വല്ല നടപടിയും എടുക്കാൻ ഗവണ്മെൻറു തയാറാകുമോ ?

ശ്രീ. കെ. പി. ഗോപാലൻ: അങ്ങനെയുള്ള യാതൊരു പ്രശ്നവും ഉത്ഭവിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ : എൻെറ ചോദ്യത്തിനു് ഉത്തരം കിട്ടിയില്ല. കരാർ എഴുതിയുണ്ടാക്കിയതു ആരാണു് ?

ശ്രീ. കെ. പി. ഗോപാലൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനു് ഇതുവരെ അതു മനസ്സിലായിട്ടില്ലെങ്കിൽ ഞാൻ പറയാം. ഗവണ്മെൻറാണു്

റിക്ലമേഷൻ ആഫ് ഫാറസ്റ്റ് ലാൻഡ്സ് പദ്ധതി.

* 1462. [21] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിക്ലമേഷൻ ആഫ് ഫാറസ്റ്റ് ലാൻഡ്സ് എന്ന ഒരു പദ്ധതി സർക്കാരിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണു് ;

(സി) അതിനു കേന്ദ്രത്തിൽ നിന്നും വല്ല സഹായധനവും ലഭിക്കുമോ ?

ക്ഷീരവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മിനിമം വേജസ് നിശ്ചയിക്കുന്നതിനു് നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടു്.

* 1463. [23] ശ്രീ. ജോർജ്ജു് ജോസഫു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വരുന്നതിനുമുൻപു് നിയമിച്ചിട്ടുള്ള ഏതെങ്കിലും വ്യവസായത്തിലെ മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി ഈ ഗവണ്മെൻറിൽ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടു പ്രസിദ്ധീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) ഉണ്ട് (മിനിമം വേജസ് അഡൈ്വസറി കമ്മിറ്റി ഫോർ പബ്ലിക്ക് മോട്ടോർ ട്രാൻസ്പോർട്ട് ഇൻഡസ്ട്രി).

(ബി) റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശുപാർശകളെപ്പറ്റിയുള്ള അഡൈ്വസറിബോർഡിന്റെ അഭിപ്രായം കഴിഞ്ഞമാസത്തിൽ മാത്രമാണ് കിട്ടിയത്.

ശ്രീ. ജോർജ്ജ് ജോസഫ് : പ്രസ്സ് തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കാനുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : ഉണ്ട്.

ശ്രീ. ജോർജ്ജ് ജോസഫ് : അതു നടപ്പിലാക്കാൻ എടുക്കുകൊണ്ടാണ് ഗവണ്മെന്റ് താമസം വരുത്തുന്നത് ?

ശ്രീ. ടി. വി. തോമസ്സ് : അതു അഡൈ്വസറിബോർഡിന്റെ മുമ്പിലിരിക്കുകയാണ്. അവരുടെ അഭിപ്രായം വന്നശേഷമേ നടപ്പിലാക്കാൻ കഴിയുള്ളൂ.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ആ റിപ്പോർട്ട് ഗവണ്മെന്റ് നിരസിച്ചു എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. ടി. വി. തോമസ്സ് : അതു ശരിയല്ല. കമ്മിറ്റിയുടെ അഭിപ്രായം മുഴുവൻ കാര്യങ്ങളിലും പറഞ്ഞിട്ടില്ലാത്തതുകൊണ്ട് തിരിയെ അയച്ചിരിക്കയാണ്.

ശ്രീ. ജോർജ്ജ് ജോസഫ് : രണ്ടു കൊല്ലമായി ആ റിപ്പോർട്ട് വച്ചു താമസിപ്പിക്കുന്നതിനുള്ള കാരണമെന്താണ് ?

ശ്രീ. ടി. വി. തോമസ്സ് : ഗവണ്മെന്റിന്റെ കയ്യിൽ വന്നപ്പോൾതന്നെ അഡൈ്വസറിബോർഡിനു അയച്ചു. ചില കാര്യങ്ങളിലുള്ള അവരുടെ അഭിപ്രായം പൂർണ്ണമാകാത്തതുകൊണ്ട് വീണ്ടും റെഫർ ചെയ്തിരിക്കയാണ്.

ശ്രീ. ജോർജ്ജ് ജോസഫ് : എന്നാണ് ആ റിപ്പോർട്ട് ഗവണ്മെന്റിനു കിട്ടിയത് ?

ശ്രീ. ടി. വി. തോമസ്സ് : പ്രത്യേക ചോദ്യം അയച്ചാൽ അതിനുത്തരം പറയാം.

ശ്രീ. ജോർജ്ജ് ജോസഫ് : (എ) ചോദ്യത്തിന്റെ വെളിച്ചത്തിൽ എന്നാണ് റിപ്പോർട്ട് അയച്ചതെന്ന ചോദ്യം പ്രസക്തമാണ്.

ശ്രീ. ടി. വി. തോമസ്സ് : പ്രസ്സ് കമ്മിറ്റിയെ നിയമിച്ചതു ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷമാണ്. ഇവിടെ ചോദിച്ചിട്ടുള്ളതു ഈ ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള കമ്മിറ്റിയുടെ കാര്യമാണ്. ആ നിലയിൽ ആ ചോദ്യത്തിനു പ്രസക്തിയില്ലെന്നുള്ളതു ശരിയാണ്.

Mr. Speaker : Why should there be a discussion between the Member and the Minister about this ? I am to decide that.

LIBRARY ARCHIVES Kerala Legislative Assembly